"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ഉദ്യോഗസ്ഥ- ഭരണപരിഷ്കാര വകുപ്പ്- 'കേരള ഗവൺമെന്റ് സ്പെഷ്യലിസ്റ്റ് ഡോക്ടേഴ്സ് അസോസിയേഷൻ' എന്ന സംഘടനയ്ക്ക് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ് ബി) വകുപ്പ്

സ.ഉ.(കൈ) നം.9/2026/P&ARD തീയതി,തിരുവനന്തപുരം, 28-02-2026

---

പരാമർശം:- കേരള ഗവൺമെന്റ് സ്പെഷ്യലിസ്റ്റ് ഡോക്ടേഴ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറിയുടെ 04.10.2024 ലെ കത്ത്.

**ഉത്തരവ്**

കേരള ഗവൺമെന്റ് സ്പെഷ്യലിസ്റ്റ് ഡോക്ടേഴ്സ് അസോസിയേഷൻ എന്ന സംഘടനയ്ക്ക് അംഗീകാരം നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ടി സംഘടനയുടെ ജനറൽ സെക്രട്ടറി പരാമർശ കത്ത് പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2) പ്രസ്തുത അപേക്ഷ സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 1960 ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 77 ലെ വ്യവസ്ഥകൾക്ക് വിധേയമായി 'കേരള സ്പെഷ്യലിസ്റ്റ് ഡോക്ടേഴ്സ് അസോസിയേഷൻ' എന്ന സംഘടനയ്ക്ക് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) സംഘടനയുടെ നിയമാവലിയിൽ ഭേദഗതി വരുത്തുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി തേടേണ്ടതാണ്. വാർഷിക സ്റ്റേറ്റ്മെന്റ്, ഭാരവാഹികളുടെ പട്ടിക എന്നിവ സംബന്ധിച്ച വിവരങ്ങൾ വകുപ്പ് മേധാവി മുഖാന്തിരം യഥാസമയം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

4) അംഗീകൃത സംഘടനകളുടെ പട്ടികയിൽ കേരള ഗവൺമെന്റ് സ്പെഷ്യലിസ്റ്റ് ഡോക്ടേഴ്സ് അസോസിയേഷൻ എന്ന സംഘടനയ്ക്ക് നൽകിയിരിക്കുന്ന ക്രമ നം. 315 ആണ്. സംഘടനയുടെ എല്ലാ കത്തിടപാടുകളിലും ടി ക്രമ നമ്പർ ചേർക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ജനറൽ സെക്രട്ടറി, കേരള ഗവൺമെന്റ് സ്പെഷ്യലിസ്റ്റ് ഡോക്ടേഴ്സ് അസോസിയേഷൻ,
തിരുവനന്തപുരം

ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്

വെബ് & ന്യൂ മീഡിയ, വിവര പൊതു ജന സമ്പർക്ക വകുപ്പ്

നോഡൽ ഓഫീസർ, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് (വകുപ്പിന്റെ www.pard.kerala.gov.in ) എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ഓഫീസ് കോപ്പി/ കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Dileep D
Date: 28-02-2026 15:50:29
സെക്ഷൻ ഓഫീസർ